കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര വാർത്താ പത്രിക

പുസ്തകം 3 | ലക്കം 14 | ഒക്ടോബർ 31, 2018

അകത്താളുകളിൽ

3 കേരളത്തിൽ തൊഴിലുറപ്പ് ദിനങ്ങൾ 150 ആയി വർദ്ധിപ്പിച്ചു : കൃഷിമന്ത്രി

7 വേനലിനെ അതിജീവിക്കാം – സഹായത്തിന് കൃഷിവകുപ്പ് പദ്ധതികളും

## ശക്തമായ തിരിച്ചുവരവാണ് കാർഷികമേഖല ലക്ഷ്യം വയ്ക്കുന്നതെന്ന് കൃഷിമന്ത്രി



കാർഷിക മേഖലയിൽ പ്രളയം വലിയ പ്രതിസന്ധികൾ സൃഷ്ടിച്ചെങ്കിലും ശക്തമായ ഒരു തിരിച്ചുവരവാണ് സർക്കാരും കൃഷിവകുപ്പും ലക്ഷ്യം വയ്ക്കുന്നതെന്ന് കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ അഭിപ്രായപ്പെട്ടു. പ്രളയക്കെടുതിയിൽ നിന്നും സംസ്ഥാനം കരകയറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ശാസ്ത്രീയ സമീപനത്തിലൂടെ കാർഷിക മേഖലയുടെ പുന:സൃഷ്ടി സാദ്ധ്യമാക്കുവാനാണ് തീരുമാനം. ഇതിന്റെ ഭാഗമായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ആരംഭിച്ചു കഴിഞ്ഞു. 'പുനർജ്ജനി' എന്ന പേരിൽ മണ്ഡലാടിസ്ഥാനത്തിൽ ആരംഭിച്ച പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം തിരുവനന്തപുരം പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള പഞ്ചായത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. പാറശ്ശാല എം.എൽ.എ ശ്രീ. സി.കെ. ഹരീന്ദ്രൻ ചടങ്ങിൽ അദ്ധ്യക്ഷനായിരുന്നു.

ജില്ലയിലെ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാല പ്രതിനിധികൾ, കാർഷിക കർമ്മസേന, അഗ്രോസർവ്വീസ് സെന്റർ, മണ്ണുപരിശോധനാ കേന്ദ്രം എന്നിവയുടെ സഹകരണത്തോടെ ജനപ്രതിനിധികളുടെ നേതൃത്വത്തിലായിരുന്നു ജില്ലാതല പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടത്. പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്കുള്ള ധനസഹായം ഇതുവരെ 60 ശതമാനം കർഷകർക്കും നൽകിയതായി മന്ത്രി അറിയിച്ചു. ശേഷിക്കുന്നവർക്കുള്ള ധനസഹായം ഒക്ടോബർ മാസം തന്നെ പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ധനസഹായം നൽകുക എന്നതിലുപരി കർഷകരെ തിരിച്ചു കാർഷികമേഖലയിൽ കൊണ്ടുവരിക എന്ന ഒരു മഹത് ലക്ഷ്യത്തോടും കൂടിയാണ് സംസ്ഥാനത്തുടനീളം പുനർജ്ജനി പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.

മേൽമണ്ണിനുണ്ടായിരിക്കുന്ന നാശം, മണ്ണിന്റെ ഘടനാപരമായ മാറ്റം എന്നിവ പഠിക്കുന്നതിന് കാർഷിക സർവകലാശാല, കൃഷിവകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ വിദഗ്ദ്ധസംഘത്തെ നിയോഗിക്കുകയും, സംഘം അന്തിമ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശകളുടെ അടിസ്ഥാനത്തിലാണ് പുനർജ്ജനി പ്രവർത്തനങ്ങൾ കർഷക പുരയിടങ്ങളിൽ പ്രാവർത്തികമാക്കുന്നത്. പ്രകൃതി മൂലധന സംരക്ഷണത്തിനുള്ള താക്കീതുകൂടിയാണ് പ്രളയം എന്നത് നാം മനസ്സിലാക്കണമെന്നും മന്ത്രി വ്യക്തമാക്കി. 30 മുതൽ 60 ടൺ വരെ മേൽമണ്ണാണ് ഒരു ഹെക്ടറിൽ നിന്നും നമുക്ക് നഷ്ടമാകുന്നത്. മണ്ണുജല സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിത



ലക്ഷ്യമിടുന്നത്. നെൽകൃഷി മനോഹരമായി ചെയ്യുകയും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത കീഴാറ്റൂർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ചടങ്ങിൽ മന്ത്രി അനുമോദിച്ചു. ജനകീയാസൂത്രണ പദ്ധതിപ്രകാരം മാരായമുട്ടം സർവീസ് സഹകരണ സംഘത്തിന് അനുവദിച്ച ട്രാക്ടറിന്റെ ഉദ്ഘാടനം ബാങ്ക് പ്രസിഡന്റ് അനിൽ രാജിന് താക്കോൽ നൽകിക്കൊണ്ട് മന്ത്രി നിർവഹിച്ചു. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരണമായ 'പ്രളയാനന്തരം കാർഷിക മേഖലയിൽ അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ' എന്ന കൈപ്പുസ്തകം മന്ത്രി, കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്-ന് നൽകിക്കൊണ്ട് പ്രകാശനം ചെയ്തു. വിവിധ കാർഷിക വിളകളിൽ അനുവർത്തിക്കേണ്ട പ്രവർത്തനങ്ങൾ കർഷകർക്ക് പ്രാവർത്തികമായി കാണിച്ചുകൊടുക്കുന്ന ഫീൽഡ് തല പരിപാടിയും ചടങ്ങിൽ സംഘടിപ്പിച്ചിരുന്നു.

പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി രേഖ വി.ആർ. ചടങ്ങിന് സ്വാഗതം പറഞ്ഞു. പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുജാതകുമാരി, പെരുങ്കടവിള ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ഐ.ആർ. സുനിത, ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ എന്നിവർ ചടങ്ങിൽ സംസാരിച്ചു. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. പി. വിനയചന്ദ്രൻ ചടങ്ങിന് നന്ദിയും അറിയിച്ചു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ സ്ഥാപനത്തിലെ ശാസ്ത്രജ്ഞർ നയിച്ച ചർച്ചാക്ലാസ്സും സമ്മേളനത്തെ തുടർന്ന് സംഘടിപ്പിക്കുകയുണ്ടായി.

മാക്കേണ്ടിയിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയിൽ അനുവദിച്ചിട്ടുള്ള ഇളവുകൾ പരമാവധി ഉപയോഗപ്പെടുത്തി ഇത്തരം പ്രവർത്തനങ്ങൾ കൃഷിയിടത്തിൽ അവലംബിക്കണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പാറശ്ശാല മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിനുള്ള ഊർജ്ജിത പ്രവർത്തനങ്ങൾ നടന്നുവരികയാണെന്ന് അദ്ധ്യക്ഷ പ്രസംഗത്തിൽ എം.എൽ.എ ഹരീന്ദ്രൻ പറഞ്ഞു. 40 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി ആരംഭിക്കുവാൻ കഴിഞ്ഞു. കൂടാതെ 100 ഏക്കർ സ്ഥലത്ത് പുതുതായി വിവിധ കൃഷികൾക്ക് തുടക്കമിട്ടിട്ടുള്ളതായും എം.എൽ.എ അറിയിച്ചു. 270 കാർഷിക വിദഗ്ദ്ധർ മണ്ഡലത്തിൽ നിന്നും വിവിധ മേഖലകളിൽ വൈദഗ്ദ്ധ്യ പരിശീലനം നേടിയിട്ടുണ്ട്. ഇവരെ ഉപയോഗപ്പെടുത്തി കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് കൃഷി വ്യാപിപ്പിക്കുവാനാണ് 'തളിർ' പദ്ധതിയിലൂടെ

## അടുക്കളത്തോട്ടങ്ങൾ ആരോഗ്യത്തിന്റെ കലവറയാണെന്ന് കാർഷിക സർവ്വകലാശാലാ വൈസ് ചാൻസലർ ഡോ. ആർ. ചന്ദ്രബാബു .

കാർഷിക സർവ്വകലാശാല ഉല്പ്പാദിപ്പിച്ച ശീതകാലപച്ചക്കറി തൈകളുടെ വിതരണോദ്ഘാടനം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ നിർവഹിച്ചു സംസാരിക്കുകയായിരുന്നു ഡോ.ആർ. ചന്ദ്രബാബു.

പത്തുലക്ഷം ശീതകാല പച്ചക്കറിത്തൈകളാണ് സർവകലാശാലയുടെ വിവിധ കേന്ദ്രങ്ങൾ ഉല്പ്പാദിപിച്ചു വിതരണം ചെയ്യുന്നത്. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം മാത്രം രണ്ടുലക്ഷം തൈകൾ ഉല്പ്പാദിപ്പിക്കുന്നുണ്ട്. നൂറു തൈകളടങ്ങിയ ഒരു ട്രേയ്ക്ക് ഇരുനൂറ്റി ഇരുപത്തഞ്ചു രൂപയാണ് വില.



ശീതകാല പച്ചക്കറിത്തൈകൾ കൂടാതെ മറ്റു പച്ചക്കറിയിനങ്ങളുടെ രോഗപ്രതിരോധ ശേഷിയുള്ള തൈകളും ഇവിടെ ഉല്പാദിപ്പിക്കുന്നു. മുളക്, വഴുതന, തക്കാളി തുടങ്ങിയവയുടെ തൈകൾക്ക് ആവശ്യക്കാരേറേയാണെന്നും പ്രതിവർഷം എട്ടു ലക്ഷം തൈകൾ ഉല്പാദിപ്പിക്കുന്നുണ്ടെന്നും ഗവേഷണ വിഭാഗം അസ്സോസ്സിയേറ്റ് ഡയറക്റ്റർ ഡോ.സി.നാരായണൻ കുട്ടി പറഞ്ഞു.

കാർഷിക ഗവേഷണ കേന്ദ്രം മേധാവി ഡോ.എ.ലത, സംസ്ഥാന കാർഷിക കർമ സേനാ പദ്ധതി കോർഡിനേറ്റർ ഡോ.യു. ജയകുമാരൻ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



# കേരളത്തിൽ തൊഴിലുറപ്പ് ദിനങ്ങൾ 150 ആയി വർദ്ധിപ്പിച്ചു : കൃഷിമന്ത്രി

പ്രളയാനന്തരകേരളത്തെ പുനരുജ്ജീവിപ്പിക്കുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കൂടിയാലോചിച്ച് തൊഴിലുറപ്പ് ദിനങ്ങൾ കേരളത്തിൽ 100 ൽ നിന്നും 150 ദിനങ്ങളാക്കി ഉയർത്തിയിട്ടുണ്ടെന്നും മാർഗ്ഗനിർദേശത്തിൽ മാറ്റങ്ങൾ വരുത്തി കാർഷികമേഖലയിൽ തൊഴിലുറപ്പ് പദ്ധതി നടപ്പിലാക്കുവാനുള്ള അനുവാദവും ലഭിച്ചിട്ടുണ്ടെന്നും കൃഷി വകുപ്പ് മന്ത്രി ശ്രീ. വി.എസ്.സുനിൽകുമാർ പറഞ്ഞു. പ്രളയാനന്തര കാർഷിക മേഖലയുടെ പുനരുജ്ജീവനവും പുനരുദ്ധാരണവും ലക്ഷ്യമിട്ട് കൃഷിവകുപ്പ് നടപ്പിലാക്കുന്ന ദ്വിദിന കർമ്മപരിപാടിയായ 'പുനർജ്ജനി' യുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി ഉപയോഗിച്ച് കാർഷിക മേഖലയിൽ നേട്ടമുണ്ടാക്കുവാൻ നമുക്ക് കഴിയണമെന്നും ചെളിനീക്കം, വളപ്രയോഗം, തോട് വൃത്തിയാക്കൽ, പച്ചക്കൃഷി പരിപാലനം എല്ലാം ഇതിന്റെ ഭാഗമായി നടത്തുവാൻ സാധിക്കുമെന്നും മന്ത്രി പറഞ്ഞു. മൂന്നിഞ്ച് കനത്തിൽ കൂടുതൽ അടിഞ്ഞ ചെളിനീക്കം ചെയ്യുന്നതിന് ഹെക്ടറിന് 12,200 രൂപ നിരക്കിൽ തുക അനുവദിക്കുമെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന ഡിസാസ്റ്റർ റിലീഫ് ഫണ്ടിൽ നിന്നുമാണ് തുക അനുവദിക്കുന്നത്. പ്രളയാനന്തരം മണ്ണിന്റെ ഘടനയിൽ വന്നിരിക്കുന്ന മാറ്റങ്ങളെ സംബന്ധിച്ച് കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരും, കൃഷിവകുപ്പ് ഉദ്യോഗസ്ഥരും, മണ്ണ് സംരക്ഷണ വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി നടത്തിയ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് കർമ്മപദ്ധതി നടപ്പിലാക്കുന്നത്. മണ്ണിന്റെ ശാസ്ത്രീയ പരിപാലനമുറകൾ, ജൈവ സമ്പത്ത് വർദ്ധിപ്പിക്കുവാൻ അവലംബിക്കേണ്ട മാർഗ്ഗങ്ങൾ, ഓരോ വിളകൾക്കും ആവശ്യമായ വളപ്രയോഗം ഇതെല്ലാം ഈ പദ്ധതിയുടെ ഭാഗമായി വരുന്നു. പ്രളയം മൂലം കൃഷിനാശം സംഭവിച്ച ജില്ലയിലെ മുഴുവൻ കർഷകർക്കും ഉടൻ തന്നെ നഷ്ടപരിഹാരത്തുക ലഭ്യമാക്കുമെന്ന് മന്ത്രി പറഞ്ഞു. സംസ്ഥാനത്താകെ 19000 കോടി രൂപയുടെ നഷ്ടമാണ് കാർഷിക മേഖലയിൽ മാത്രം സംഭവിച്ചിട്ടുള്ളത്. കാർഷിക മേഖലയിൽ വൻ കുതിച്ചുചാട്ടം ഉണ്ടാക്കുവാൻ കഴിയുന്ന തരത്തിലുള്ള ഗുണകരമായ മാറ്റമാണ് പ്രളയം മൂലം മണ്ണിൽ സംഭവിച്ചിട്ടുള്ളത്. ഇത് ഫലപ്രദമായി ഉപയോഗപ്പെടുത്തിയാൽ ഇരട്ടിവിളവ് ലഭിക്കുമെന്നും മന്ത്രി പറഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കൃഷിയിടവും സന്ദർശിച്ച് അവിടെ ചെയ്യേണ്ട ശാസ്ത്രീയ കാർഷിക പരിപാലനമുറകൾ കർഷകർക്ക് വിശദീകരിച്ചു കൊടുക്കുകയും അവ പ്രാവർത്തികമാക്കി കാണിച്ചു കൊടുത്തുകൊണ്ട് ഈ പ്ലോട്ടുകളെ മാതൃകാത്തോട്ടങ്ങളാക്കി മാറ്റുകയും ചെയ്യുക എന്നതാണ് പുനർജ്ജനി പദ്ധതിയുടെ ഭാഗമായുള്ള കൃഷിയിട സന്ദർശനം കൊണ്ട് ഉദ്ദേശിക്കുന്നത്. കേരളത്തിലെ പ്രളയബാധിതമായ എല്ലാ പ്രദേശത്തും ഈ മാതൃകയിൽ പ്രവർത്തനങ്ങൾ നടത്തും. നിലവിലുള്ളതിന് പുറമേ 340 ഹെക്ടർ പ്രദേശത്ത് പുതുതായി കൃഷി ആരംഭിക്കും. കുട്ടനാട്ടിൽ പുഞ്ചയ്ക്ക് 5000 ഹെക്ടർ സ്ഥലത്ത് അധികമായി കൃഷിയിറക്കും. പഞ്ചായത്തടിസ്ഥാനത്തിൽ ബാങ്കുദ്യോഗസ്ഥരുടേയും കൃഷിക്കാരുടേയും സംയുക്തയോഗങ്ങൾ



കൃഷി ഓഫീസറുടെ നേതൃത്വത്തിൽ വിളിച്ചുചേർക്കും. കാർഷിക വായ്പകളുടെ പേരിൽ ജപ്തി നടപടികൾ നടത്തരുതെന്ന് തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

മുളക്കുഴ സി.സി.പ്ലാസ ഓഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ ശ്രീ. സജി ചെറിയാൻ എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. മുൻസിപ്പൽ ചെയർമാൻ ശ്രീ. ജോൺ മുള ങ്കാട്ടിൽ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുധാമണി, വെണ്മണി പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീ. കെ. ലെജുകുമാർ, ബുധനൂർ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പി. വിശ്വംഭരപ്പണിക്കർ, കൃഷി വകുപ്പ് ഉദ്യോഗ സ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു. കൃഷി വകുപ്പ് ഡയറക്ടർ ഡോ.പി.കെ.ജയശ്രീ. ഐ.എ.എസ് സ്വാഗതവും, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി ബീനാ നടേശ് നന്ദിയും പറഞ്ഞു.

കാർഷിക സർവ്വകലാശാല വിദഗ്ദ്ധർ, കൃഷി ഉദ്യോഗസ്ഥർ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്ററുകൾ, ഗ്രീൻ ആർമി, മണ്ണ് പരിശോധനാ കേന്ദ്രം, കസ്റ്റം ഹയറിംഗ് സെന്റർ, എം.എൻ.ആർ.ഇ.ജി.എസ്., കുടുംബശ്രീ പ്രവർത്തകർ എന്നിവരുടെ സഹകരണത്തോടെയാണ് കർമ്മപരിപാടി നടപ്പിലാക്കുന്നത്.




## കാർഷിക മേഖലയിലെ സമഗ്ര സംഭാവന നൽകിയ വനിതാ ഉദ്യോഗസ്ഥരെ ആദരിച്ചു 'മഹിളാ കിസാൻ ദിവസ്" പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽ ആചരിച്ചു

കാർഷിക മേഖലയുടെ ഉന്നമനത്തിന് കർഷകരോടൊപ്പം സമഗ്രസംഭാവന ചെയ്ത ഉദ്യോഗസ്ഥരെ ആദരിക്കുന്നത് ഏറ്റവും ഉചിതമാണെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി അന്നപൂർണ്ണാ ദേവി പ്രസ്താവിച്ചു. പത്തനംതിട്ട ജില്ലാ ഐ.സി.എ.ആർ-കൃഷി വിജ്ഞാന കേന്ദ്രം, കാർഡിന്റെ ആഭിമുഖ്യത്തിൽ മഹിളാ കിസാൻ ദിവസ് ആചരണത്തോടനുബന്ധിച്ച് കാർഷിക മേഖലയിലെ സമഗ്ര സംഭാവന നൽകിയ കാർഷിക മേഖലയിൽ നിന്നും വിരമിച്ച വനിതാ ഉദ്യോഗസ്ഥരെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ശ്രീമതി അന്നപൂർണ്ണാ ദേവി. കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മലാ മാത്യുസ് അദ്ധ്യക്ഷത വഹിച്ചു.

കൃഷി വകുപ്പിൽ നിന്നും വിരമിച്ച അഡീഷണൽ ഡയറക്ടർമാരായ ശ്രീമതി. സജിത സി.കെ., ഷൈല ജോസഫ്, ബീനാ കുമാരി, ഷൈനി ഇസ്രായേൽ, പ്രിൻസിപ്പൽ കൃഷി ഓഫീസർമാരായ ആൻസി ഫിലിപ്പ്, സുജ പി. കുരുവിള, ഡപ്യൂട്ടി ഡയറക്ടർ എലിസബത്ത് ഫിലിപ്പോസ് എന്നിവരെ ചടങ്ങിൽ ആദരിച്ചു

കാർഡ് ഡയറക്ടർ റവ. ശ്രീ. ഏബ്രഹാം പി വർക്കി മുഖ്യ പ്രഭാഷണം നടത്തി. കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി അക്കാമ്മ ജോൺസൺ, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. സി.പി. റോബർട്ട്, സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റുമാരായ ശ്രീമതി ഷാനാ ഹർഷൻ, ഡോ. സിന്ധു സദാനന്ദൻ എന്നിവർ പ്രസംഗിച്ചു.

# കേരകർഷകരെ നാളികേര സംരംഭകരാക്കിമാറ്റും – കൃഷിമന്ത്രി



സംസ്ഥാനത്ത് നഷ്ടമായിക്കൊണ്ടിരിക്കുന്ന നാളികേരക്കൃഷിയുടെ പ്രൗഢി തിരിച്ചുപിടിക്കുന്നതിനും കർഷകരെ ഈ മേഖലയിൽ ഉറപ്പിച്ചുനിർത്തി സുസ്ഥിരവികസനം സാധ്യമാക്കുന്നതിനുമായി പത്തുവർഷം നീണ്ടുനിൽക്കുന്ന ഒരു ബൃഹത്പദ്ധതിക്കായി കോക്കനട്ട് മിഷൻ ഉടൻ സാധ്യമാക്കുന്നതാണ്. കൃഷിമന്ത്രി ചെയർമാനായി രൂപീകരിക്കുന്ന കോക്കനട്ട് മിഷനിൽ ഹ്രസ്വകാല-മധ്യകാല-ദീർഘകാലാടിസ്ഥാനത്തിലുള്ള വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പത്തുവർഷം കൊണ്ട് കേരകൃഷിയുടെ വിസ്തൃതി ഏഴുലക്ഷം ഹെക്ടറിൽനിന്ന് പത്തുലക്ഷം ഹെക്ടറിലേക്കും ഉത്പാദനക്ഷമത 7500 തേങ്ങ എന്ന നിരക്കിൽനിന്നും 12000 ആയി വർധിപ്പിക്കുക എന്നതുമാണ് കോക്കനട്ട് മിഷന്റെ ലക്ഷ്യമെന്ന് കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ പ്രസ്താവിച്ചു. കൃഷിവകുപ്പിന്റെ കേരഗ്രാമം പദ്ധതി തിരുവനന്തപുരം തിരുവല്ലം കൃഷിഭവൻ പരിധിയിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ. വി.കെ. പ്രശാന്ത് ചടങ്ങിൽ അധ്യക്ഷനായിരുന്നു.

250 ഹെക്ടർ വിസ്തീർണമുള്ള 79 കേരഗ്രാമങ്ങളാണ് ഈ വർഷം കൃഷിവകുപ്പ് നടപ്പിലാക്കുന്നതെന്ന് മന്ത്രി സൂചിപ്പിച്ചു. പ്രളയാനന്തരം അതിജീവനത്തിന്റെ പാതയിൽ മുന്നേറുന്ന കാർഷികകേരളത്തിലെ കർഷകർക്ക് ഒരു കൈത്താങ്ങായിരിക്കും കേരഗ്രാമത്തിലെ സമഗ്രവികസന പദ്ധതികൾ. മൂല്യവർധിത ഉത്പന്നങ്ങളുടെ കാര്യത്തിൽ സംസ്ഥാനം വളരെ പിറകിലാണ്. 4% പോലും കേരമേഖലയിൽ മൂല്യവർധിത ഉത്പന്നങ്ങളാക്കി മാറ്റുന്നില്ല എന്നതാണ് വാസ്തവം. ശ്രീലങ്കപോലുള്ള രാജ്യങ്ങളിൽ ഇത് 40% ഉം മുകളിലാണ്. കയർപിത്ത് കയറ്റുമതിചെയ്ത് 600 കോടിയുടെ വ്യവസായമാണ് തമിഴ്നാട് നടത്തിവരുന്നത്. തേങ്ങാപ്പാൽപോലുള്ള ഉത്പന്നങ്ങൾക്ക് വൻ ഡിമാന്റാണ് വിദേശരാജ്യങ്ങളിലുള്ളത്. സംസ്ഥാനത്തെ കർഷകരെ മൂല്യവർധിത ഉത്പന്നങ്ങളുടെ നിർമാണത്തിൽ പ്രാപ്തരാക്കുന്നതിന് വിവിധ പദ്ധതികൾ കേരഗ്രാമം വഴി നടപ്പിലാക്കുന്നുണ്ട്. 25 ലക്ഷം രൂപവരെയുള്ള ധനസഹായം ചെറുകിട സംരംഭകർക്കു നൽകുന്നതിനുള്ള സംവിധാനം പദ്ധതിയുടെ ഭാഗമായി ഉണ്ടെന്നും മന്ത്രി സൂചിപ്പിച്ചു.

നേമം നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ഒ. രാജഗോപാൽ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. സമഗ്രനാളികേര പരിപാലനത്തിന്റെ വാർഡുതല ഉദ്ഘാടനം ഡപ്യൂട്ടി മേയർ ശ്രീമതി രാഖി രവികുമാർ നിർവഹിച്ചു. തിരുവനന്തപുരം പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി രേഖ വി.ആർ, ചടങ്ങിനു സ്വാഗതവും കൃഷി ഡപ്യൂട്ടി ഡയറക്ടർ ശ്രീമതി താജുന്നിസ റിപ്പോർട്ട് അവതരണവും നടത്തി. വാർഡ് കൗൺസിലർമാരായ ശ്രീ. സി. സത്യൻ, ശ്രീമതി എ.ജി. കൃഷ്ണവേണി, കൃഷി ഉദ്യോഗസ്ഥരായ ശ്രീമതി അജിത, ശ്രീമതി പവിത്ര സി.ജി., കേരസമിതി രക്ഷാധികാരികളായ ശ്രീ. ഗോപാലകൃഷ്ണൻ നായർ, ശ്രീ. ആർ. പ്രദീപ്, സി.പി.ഐ. ജില്ലാ എക്സിക്യൂട്ടീവ് അംഗം ശ്രീ. കെ.എസ്. മധുസൂതനൻ നായർ, ജനതാദൾ എസ് പ്രതിനിധി ശ്രീ. അനിൽകുമാർ വാഴമുട്ടം എന്നിവർ ചടങ്ങിൽ പ്രസംഗിച്ചു.

# കേര കേസരി അവാർഡ് സമ്മാനിച്ചു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സംസ്ഥാന തല കേര കേസരി അവാർഡ് ലഭിച്ച കോഴിക്കോട് ജില്ലയിലെ മരുതോങ്കര പഞ്ചായത്തിലെ കെ.ടി.ഫ്രാൻസിസിനെ അനുമോദിക്കുകയും കാഷ് അവാർഡ് നൽകുകയും ചെയ്തു. പ്രളയക്കെടുതി മൂലംകർഷക ദിനാഘോഷങ്ങൾ മാറ്റിവച്ച സാഹചര്യത്തിലാണ് അനുമോദനം കോഴിക്കോട് നടത്തിയത് .നളന്ദ ആഡിറ്റോറിയത്തിൽ വച്ചു നടന്ന ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ബാബു പറശ്ശേരി അദ്ദേഹത്തെ പൊന്നാട അണിയിച്ചു. ഏറ്റവും അധികം ഭീഷണി കളും നാശനഷ്ടങ്ങളും നേരിടുന്ന കാർഷിമേഖലയിൽ കർഷകർ അത്യധികം ത്യാഗങ്ങൾ സഹിക്കുന്നുവെന്നും കർഷകർ വളരെയധികം പ്രകീർത്തിക്കപ്പെടേണ്ടവരാണെന്നും ശ്രീ. ബാബു പറശ്ശേരി ഓർമ്മിപ്പിച്ചു'. മൂന്നു ഏക്കർ കൃഷിയിടത്തിൽ തെങ്ങ്, മറ്റു സമ്മിശ്ര കൃഷിരീതികളും തനതു ശൈലിയിൽ ചെയ്യുന്ന ശ്രീ ഫ്രാൻസിസിന് സമ്മിശ്രകൃഷി, ജൈവകൃഷി, സുഗന്ധവിളകൃഷി തുടങ്ങിയ മേഖലകളിലും പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. അദ്ധ്യാപകനായിരുന്ന ഇദ്ദേഹം ജോലിയിൽ നിന്നും വിരമിച്ച ശേഷം കാർഷിക മേഖലയിൽ മുഴുവൻ സമയം വ്യാപൃതനാണ്. മികച്ചയിനം കുറ്റിയാടി തെങ്ങ് കൃഷി ചെയ്യുന്ന ഇദ്ദേഹത്തിന്റെ കൃഷിരീതികളും മികച്ച വിളവും, ആദായവുമാണ് ഇദ്ദേഹത്തിനെ അവാർഡിനർഹനാക്കിയത്.



# പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ ജൈവവൈവിധ്യ സംരക്ഷണം ഉറപ്പാക്കും : കൃഷിമന്ത്രി

പരമ്പരാഗത പച്ചക്കറി ഇനങ്ങളായ അഗത്തി, നിത്യവഴുതന, അമര തുടങ്ങി 27 ഇനങ്ങളുടെ സംരക്ഷണവും വംശവർദ്ധനവും ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പും വി.എഫ്.പി.സി.കെയും ചേർന്ന് ജൈവവൈവിധ്യ സംരക്ഷണ പദ്ധതി ആരംഭിച്ചിരിക്കുകയാണ്. ഇത്തരം ഇനങ്ങളുടെ വിത്തുകൾ നഗരപ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിനാണ് കൃഷിവകുപ്പ് തീരുമാനിച്ചിരിക്കുന്നത്. അതോടൊപ്പം തന്നെ നഗരപ്രദേശങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനുള്ള പദ്ധതിയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ എന്നിവയുടെ സഹകരണത്തോടെ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതായി കൃഷിമന്ത്രി ശ്രീ. വി.എസ്. സുനിൽകുമാർ അറിയിച്ചു. സെക്രട്ടറിയേറ്റ് അനക്സ് മന്ദിരത്തിൽ ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ സ്ഥാപിച്ച പച്ചക്കറി വിത്ത് വിപണന യന്ത്രത്തിന്റെ (Seed Vending Machine) ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. വി.എഫ്.പി.സി.കെയാണ് വിതരണത്തിനുള്ള വിത്ത് പായ്ക്കറ്റുകൾ തയ്യാറാക്കിയിട്ടുള്ളത്.



സംസ്ഥാനത്തെ എല്ലാ സിവിൽ സ്റ്റേഷനുകളിലും ഇത്തരം വിപണന സംവിധാനങ്ങൾ സ്ഥാപിക്കുമെന്ന് മന്ത്രി പ്രസംഗത്തിൽ സൂചിപ്പിച്ചു. പയർ, മുളക്, വഴുതന, ചീര, തക്കാളി, മിക്സഡ് വെജിറ്റബിൾസ് എന്നിങ്ങനെ 6 തരം പായ്ക്കറ്റുകളിലായാണ് വിത്തുകൾ സജ്ജീകരിച്ചിട്ടുള്ളത്. പത്തു രൂപയാണ് ഒരു പായ്ക്കറ്റിന്റെ വില. പത്തു രൂപ നോട്ട് യന്ത്രത്തിൽ നിക്ഷേപിക്കുന്ന പക്ഷം ആവശ്യപ്പെടുന്ന പായ്ക്കറ്റ് ഉപഭോക്താവിന് സ്വന്തമാക്കാവുന്നതാണ്.

സെക്രട്ടറിയേറ്റ് അനക്സ് മന്ദിരത്തിൽ നടന്ന ചടങ്ങിൽ ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ശ്രീ. ജസ്റ്റിൻ മോഹൻ ഐ.എഫ്.എസ്, കാർഷികോത്പാദന കമ്മീഷണർ ശ്രീ. ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ്, കൃഷിവകുപ്പ് ഡയറക്ടർ ഡോ. പി.കെ. ജയശ്രീ ഐ.എ.എസ്, പൊതുമേഖലാ സ്ഥാപന മേധാവികൾ, സെക്രട്ടറിയേറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**കഴിഞ്ഞ** കുറച്ചു വർഷങ്ങളായി വേനൽക്കാലത്ത് രൂക്ഷമായ ജല ദൗർലഭ്യമാണ് കാർഷിക മേഖലയിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഉത്പാദനത്തിലും വരുമാനത്തിലും ഗണ്യമായ കുറവാണ് കർഷകന് നേരിടേണ്ടിവരുന്നതും എന്നാൽ ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗവും ശാസ്ത്രീയവിള പരിപാലനമുറകളും അവലംബിച്ചാൽ നമ്മുടെ വിളകളെ സംരക്ഷിക്കാൻ കഴിയും. ഇതിൽ കൃഷിവകുപ്പിന്റെ ധനസഹായത്തോടെയുള്ള ചില പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

## മിനിഡ്രിപ്പ്/തിരിനന സംവിധാനം

ചെറുകിട കർഷകർ/വീട്ടാവശ്യത്തിനായുള്ള പച്ചക്കറി കൃഷി/ സ്ഥാപനങ്ങളിലെ കൃഷി എന്നിവ ചെയ്യുന്നവർക്ക് ജലത്തിന്റെ കാര്യക്ഷമമായ ഉപയോഗത്തിന് അനുയോജ്യമായ ഒരു രീതിയാണ് തിരിനന സംവിധാനം(wick irrigation). നടീൽ മിശ്രിതം നിറച്ച ഗ്രോബാഗിൻ ചുവട്ടിൽ കൂടി തിരി കടത്തിവയ്ക്കുകയാണ് ഇതിൽ ചെയ്യുന്നത്. തിരിയുടെ ഒരഗ്രം ജലത്തിലും ഇറക്കി വയ്ക്കുന്നു. ചെടിയുടെ ആവശ്യാനുസരണം താഴെയുള്ള ജലസ്രോതസ്സിൽ നിന്ന് തിരിവഴി മണ്ണിലേയ്ക്ക് വെള്ളം വലിച്ചെടുക്കപ്പെടുന്നു.

മിനിഡ്രിപ്പ്/തിരിനന സംവിധാനത്തിന് സംസ്ഥാന കൃഷി വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം ധനസഹായവും നൽകുന്നുണ്ട്. 50 ശതമാനം വരെ (പരമാവധി) 2000 രൂപയാണ് വ്യക്തികൾക്ക് ആനുകൂല്യമായി നൽകുന്ന്. നഗരപ്രദേശങ്ങളിലും മറ്റും ടെറസിൽ കൃഷിചെയ്യുന്നവർക്ക് ഏറെ പ്രയോജനപ്പെടുത്താവുന്ന ഒരു സംവിധാനമാണിത്.

# വേനലിനെ അതിജീവിക്കാം – സഹായത്തിന് കൃഷിവകുപ്പ് പദ്ധതികളും



## PMFBY - ഇൻഷുറൻസ് ഇപ്പോൾ ചെയ്യാം.

പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം പുഞ്ചകൃഷിക്കുള്ള (നെല്ല്, വാഴ, മരച്ചീനി വിളകൾ മാത്രം) ഇൻഷുറൻസ് ഈ മാസം ചെയ്യാവുന്നതാണ്. കേന്ദ്രകൃഷി മന്ത്രാലയവും, സംസ്ഥാന കൃഷി വകുപ്പും പൊതുമേഖലയിലുള്ള അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കുന്ന PMFBY റാബി II 2018-19 ഇൻഷ്വറൻസ് സംസ്ഥാന സർക്കാർ വിജ്ഞാപനമായിട്ടുണ്ട്. പദ്ധതി പ്രകാരം നെല്ലിന് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട എന്നീ ജില്ലകളിലും വാഴയ്ക്കും മരച്ചീനിയ്ക്കും എല്ലാ ജില്ലകളിലെയും തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിലാണ് ഈ സീസണിൽ പദ്ധതിപ്രകാരം പരിരക്ഷ ലഭിക്കുന്നത്. പദ്ധതിയിൽ ഓരോ വിളയ്ക്കും നിശ്ചിത ശതമാനം പ്രീമിയം കർഷകർ അടയ്ക്കേണ്ടതാണ്. നെൽകൃഷിയിൽ നടീൽ/വിത എന്നിവ തടസ്സപ്പെടൽ, ഇടക്കാല നാശനഷ്ടങ്ങൾ എന്നിവയ്ക്കെല്ലാം തന്നെ തുക ലഭിക്കുന്നതാണ്. പദ്ധതിയിൽ ചേരാൻ ആഗ്രഹിക്കുന്ന കർഷകർ പുഞ്ച (റാബി II) സീസണിൽ ഉള്ള കൃഷിയ്ക്കായി 28.02.2019-ന് മുമ്പായി അടുത്തുള്ള അക്ഷയ കേന്ദ്രങ്ങൾ/കൃഷിഭവനുകൾ/അംഗീകൃത ബ്രോസിങ്ങ് സ്ഥാപനങ്ങൾ/ബാങ്കുകൾ/പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവരുമായോ അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനിയുമായോ ബന്ധപ്പെട്ട് ഇൻഷ്വറൻസ് പ്രീമിയം തുകയോടൊപ്പം ആവശ്യമായ രേഖകളുമായി ബന്ധപ്പെടേണ്ടതാണ്. വിശദവിവരങ്ങൾക്കായി സർക്കാർ വിജ്ഞാപനം www.keralaagri-culture.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

## കണികജലസേചനം

PMKSY പ്രകാരം സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷനാണ് സംസ്ഥാനത്ത് പദ്ധതി നിർവഹണം നടപ്പിലാക്കുന്നത്. 27 ശതമാനം കേന്ദ്രവിഹിതവും 18 ശതമാനം സംസ്ഥാന വിഹിതവും അടക്കം 45 ശതമാനമാണ് സബ്സിഡി. കാസർഗോഡ്, കണ്ണൂർ, മലപ്പുറം, പാലക്കാട് എന്നീ നാലു ജില്ലകളിൽ സ്പെഷ്യൽ പദ്ധതിപ്രകാരം 15 ശതമാനം അധിക സബ്സിഡി കൂടി ലഭിക്കുന്നതായിരിക്കും.

| ധനസഹായനിരക്ക് ചെടികളുടെ അകലം | 1 ha (Rs.) | ധനസഹായം | | | | |
|---|---|---|---|---|---|---|
| | | GoI share (27%) | GoK Share (18%) | Spl. Assistance (15%) | സബ്സിഡി (45%) | സബ്സിഡി (60%) |
| അകലം കൂടിയ വിളകൾ | | | | | | |
| 8m and above | 23,500 | 6345 | 4230 | 3525 | 10575 | 14100 |
| 4 m to <8 m | 33,900 | 9153 | 6102 | 5085 | 15255 | 20340 |
| 2 m to <4 m | 58,400 | 15768 | 10512 | 8760 | 26280 | 35040 |
| അകലം കുറഞ്ഞ വിളകൾ | | | | | | |
| 1.2 m to <2 m | 85,400 | 23058 | 15372 | 12810 | 38430 | 51240 |
| <1.2 m | 1,00,000 | 27000 | 18000 | 15000 | 45000 | 60000 |

# ഗോസമൃദ്ധി പ്ലസ്- സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ കന്നുകാലികൾക്കും ഉടമകൾക്കും ഒരുമിച്ച് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പുതിയ പദ്ധതി.

- സംസ്ഥാനത്ത് ലഭ്യമായതിൽ ഏറ്റവും കുറഞ്ഞ പ്രീമിയം നിരക്ക് എന്നതാണ് പദ്ധതിയുടെ ആകർഷണം.
- ഒരു വർഷം, മൂന്ന് വർഷം എന്നീ കാലയളവുകളിലേക്ക് പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാണ്.
- മൃഗസംരക്ഷണ വകുപ്പിന്റെ ഓൺലൈൻ പോർട്ടൽ വഴി തികച്ചും സുതാര്യമായി പദ്ധതി നടപ്പിലാക്കുന്നു.
- സമയബന്ധിതമായി നഷ്ടപരിഹാര തുക (ക്ലെയിം) കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നു.
- ക്ഷീര കർഷകരെ പൂർണ്ണമായും ജിയോമാപ്പിംഗ് ചെയ്യുന്നു എന്നതും പദ്ധതിയുടെ പ്രത്യേകതയാണ്.
- പ്രീമിയം നിരക്ക് - ഒരു വർഷം : ഉരുവിന്റെ വിലയുടെ 2.8% മാത്രം
  മൂന്നുവർഷം: ഉരുവിന്റെ വിലയുടെ 6.54% മാത്രം
- ജനറൽ വിഭാഗത്തിന് പ്രീമിയം തുകയുടെ 50% വും എസ്.സി/എസ്.ടി വിഭാഗത്തിന് 70% വും പദ്ധതി പ്രകാരം സബ്സിഡി നൽകും.
- ജനറൽ വിഭാഗത്തിന് 50,000 രൂപ വിലയുള്ള പശുവിന് ഒരു വർഷം ഇൻഷ്വറൻസിനായി 700 രൂപയും മൂന്നു വർഷ ഇൻഷ്വറൻസിനായി 1635 രൂപയും പ്രീമിയമായി നൽകിയാൽ മതി
- എസ്.സി/എസ്.ടി വിഭാഗത്തിന് 50,000 രൂപ വിലയുള്ള പശുവിന് ഒരു വർഷത്തേയ്ക്കായി 420 രൂപയും മൂന്നു വർഷത്തേയ്ക്കായി 981 രൂപയും പ്രീമിയമായി നൽകിയാൽ മതി.
- കൂടാതെ 50,000 രൂപയിൽ കൂടുതൽ വിലയുള്ള പശുക്കൾക്ക് അഡീഷണൽ പോളിസി സൗകര്യവും ഉണ്ട്.
- ഉരുക്കളോടൊപ്പം കർഷകനും 2 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഒരു വർഷത്തേക്ക് 42 ലക്ഷം രൂപയുടെ അപകട മരണ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. ഒരു വർഷത്തേക്ക് 42 രൂപയും മൂന്ന് വർഷത്തേക്ക് 114 രൂപയും മാത്രം കർഷകൻ ഇതിനായി നൽകിയാൽ മതി.
- പദ്ധതി സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലൂടേയും ലഭ്യമാക്കുന്നു.



## ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരം ഹൈടെക് പദ്ധതികൾക്ക് ആനുകൂല്യം

ഹൈടെക് നഴ്സറി, ചെറുകിട നഴ്സറി, അക്രഡിറ്റേഷൻ മാനദണ്ഡങ്ങൾ ലഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യവികസനം, കൂൺവിത്തുത്പാദന യൂണിറ്റ്, സംയോജിത രോഗകീട നിയന്ത്രണത്തിൽ ഉൾപ്പെടുത്തി ഡിസീസ് ഫോർകാസ്റ്റിംഗ് യൂണിറ്റ്, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക് എന്നിവയുടെ സ്ഥാപനം, ഫ്രണ്ട്ലൈൻ ഡെമോൺസ്ട്രേഷൻ, സംയോജിത വിളവെടുപ്പാനന്തര പരിപാലനത്തിൽ ഉൾപ്പെടുത്തി പായ്ക്ക് ഹൗസ്, ഓൺഫാം കളക്ഷൻ യൂണിറ്റ്, പ്രീകൂളിംഗ് യൂണിറ്റ്, വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിൽ ഉൾപ്പെടുത്തി ഗ്രാമീണ വിപണി, ചില്ലറ വിൽപ്പന ശാല, സ്റ്റാറ്റിക്/മൊബൈൽ വെൽഡിംഗ് കാർട്ട് എന്നിവയുടെ സ്ഥാപനം

മേൽപ്പറഞ്ഞ എല്ലാ ഘടകങ്ങളും പദ്ധതിയധിഷ്ഠിതമായിട്ടാണ് നടപ്പിലാക്കുന്നത്. സർക്കാർ വകുപ്പുകൾ, കോപ്പറേറ്റീവ് സൊസൈറ്റികൾ, കർഷകർ/കർഷക കൂട്ടായ്മകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. സർക്കാർ ഏജൻസികൾക്ക് മൊത്തം പദ്ധതി ചെലവിന്റെ 35% മുതൽ 100% വരെയും, സ്വകാര്യ വ്യക്തികൾക്കും കർഷകർക്കും 35% മുതൽ 75% വരെയും ധനസഹായം നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയുടെ 0417-2330857 എന്ന തിരുവനന്തപുരത്തുള്ള ഹെഡ് ഓഫീസിലെ 0471-2330857 എന്ന നമ്പരിലോ അതത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ജില്ലാ ഹോർട്ടികൾച്ചർ മിഷനുകളിൽ നേരിട്ടോ mdshmkerala@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ www.hotnet.kerala.nic.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടാവുന്നതാണ്.


| | | | |
|---|---|---|---|
| ചീഫ് എഡിറ്റർ | - ഗീത വി. നായർ | അസി. എഡിറ്റർ | - വിഷ്ണു എസ്.പി. |
| എഡിറ്റർ | - ബി.കെ. അനിൽ | ഫോട്ടോ | - അരുൺ |
| അസോസിയേറ്റ് എഡിറ്റർ | - ഡോ. ടി.വി. രാജേന്ദ്രലാൽ | ഡി.റ്റി.പി. & ലേ ഔട്ട് | - ദീപക് മൗത്താട്ടിൽ |

ഫോൺ : 0471 2317314, 2314358, 2318186, e-mail : fibtvm@gmail.com , mediadivisionfib@gmail.com

Published by G.S. Unnikrishnan Nair , Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala; Editor: B.K. Anil.